## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3842 — 11.11.2019 ൽ മറുപടിക്ക്

### അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം<br><br>ശ്രീ.കെ.സി.ജോസഫ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br><br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | രൂക്ഷമായ അന്തരീക്ഷ മലിനീകരണം,പരിമിതമായ ആരോഗ്യ പരിപാലന സംവിധാനങ്ങൾ എന്നിവയുടെ ഫലമായി ശ്വാസകോശ സംബന്ധമായ മാരക രോഗങ്ങൾക്ക് ജനങ്ങൾ അടിമകളാകുമെന്ന ജി.പി.എം.ബി. റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ആഗോളതലത്തിൽ ആരോഗ്യ രംഗത്ത് ഉണ്ടാകാവുന്ന അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങളും, പ്രശ്നങ്ങളേയും പകർച്ചവ്യാധികളേയുമെല്ലാംതന്നെ നേരിടുന്നതിന് ലോകരാജ്യങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള സഹായസഹകരണങ്ങൾ നൽകുന്നതിന് ലോകാരാഗ്യ സംഘടനകളുടേയും ലോകബാങ്കിന്റേയും നേതൃത്വത്തിൽ രൂപീകൃതമായിട്ടുള്ളതാണ് Global Preparedness Monitoring Board (GPMB).<br><br>അന്താരാഷ്ട്ര സംഘടനകളുടേയും ഏജൻസികളുടേയും തലവൻമാർ, നേതാക്കൾ, മറ്റ് വിദഗ്‌ധന്മാർ ഉൾപ്പെടുന്ന 15 പേരടങ്ങുന്ന ഈ സ്വതന്ത്രസംഘടന ആരോഗ്യമേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുകയും കുറവുകൾ മനസ്സിലാക്കുകയും അവ പരിഹരിക്കാൻ ഉതകുന്ന മാർഗ്ഗങ്ങളും പരിഹാരങ്ങളും നിർദ്ദേശിക്കുകയും ചെയ്യുന്നു.<br><br>അപകടകാരികളായ പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനായി അടിയന്തിരമായി നടപ്പിലാക്കേണ്ടതും ഊന്നൽ കൊടുക്കേണ്ടതുമായ കാര്യങ്ങളെക്കുറിച്ചാണ് 2019-ലെ അവരുടെ ആദ്യ വാർഷിക റിപ്പോർട്ട് പ്രധാനമായും ലക്ഷ്യമിടുന്നത്.<br><br>ഈ റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് മാത്രമല്ല കേരളത്തിലെ നിപ്പ പ്രതിരോധത്തെ രാഷ്ട്രീയ ഇച്ഛാശക്തിയുടേയും, ആരോഗ്യസംവിധാനങ്ങളുടേയും, ശാക്തീകരണത്തിന്റേയും പ്രധാന ഉദാഹരണമായി പ്രതിപാദിച്ചിരിക്കുന്നത് അഭിമാനിക്കാവുന്ന ഒന്നാണ്. |
| (ബി) | സംസ്ഥാനത്ത് അന്തരീക്ഷ മലിനീകരണം കൂടിവരുന്ന സാഹചര്യത്തിൽ അത് കുറയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ബി) | ഇന്ത്യയിലെ മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ അന്തരീക്ഷ മലിനീകരണത്തിന്റെ തോത് കുറവാണെങ്കിലും വ്യവസായവൽക്കരണത്തിന്റേയും നഗരവൽക്കരണത്തിന്റേയും വാഹനങ്ങളുടെ |

| | | | |
|---|---|---|---|
| | | | എണ്ണത്തിലുള്ള വർദ്ധനവിന്റെയും പ്രത്യാഘാതമായി കേരളത്തിന്റെ അന്തരീക്ഷ മലിനീകരണവും വർദ്ധിക്കുന്നതിന്റെ സാധ്യത വളരെ കൂടുതലാണ്.<br><br>ഇത് മുൻകൂട്ടി കണ്ടുകൊണ്ട് തന്നെ പരിസ്ഥിതി വകുപ്പും, കേരള പൊല്യൂഷൻ കൺട്രോൾ ബോർഡും ആരോഗ്യ വകുപ്പും, തദ്ദേശസ്വയംഭരണ വകുപ്പും എല്ലാം തന്നെ പ്രത്യേക ശ്രദ്ധ നൽകി വരുന്നുണ്ട്.<br><br>അന്തരീക്ഷ മലിനീകരണം ജനങ്ങളുടെ ആരോഗ്യത്തിലുണ്ടാകാവുന്ന ഭവിഷ്യത്തുകളെ നേരിടുന്നതിനും പ്രതിരോധിക്കുന്നതിനുമാണ് ആരോഗ്യ വകുപ്പ് കൂടുതൽ ഊന്നൽ നൽകുന്നത്.<br><br>ഇതിനായി ആരോഗ്യ വകുപ്പിന്റെ കീഴിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ "Environment Health Cell" രൂപീകരിച്ച് മുന്നോട്ട് പോകുന്നു.<br><br>ആരോഗ്യ വകുപ്പിന്റെ സ്ഥാപനങ്ങളിലെല്ലാം ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രികളിൽ പച്ചക്കറിത്തോട്ടം, പൂന്തോട്ടം, ഹെർബൽ ഗാർഡൻ മുതലായവ സജ്ജമാക്കുവാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. മാലിന്യ പരിപാലന സംവിധാനം കാര്യക്ഷമമായി എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും നടത്തുവാനുള്ള നടപടികളും പുരോഗമിച്ച് വരികയാണ്. ഇതിനായി വിദഗ്ധരെ ഉൾപ്പെടുത്തി ഒക്ടോബർ മാസത്തിൽ എല്ലാ ആശുപത്രി സൂപ്രണ്ടുമാരെയും ഉൾപ്പെടുത്തി ശില്പശാലയും സംഘടിപ്പിക്കുകയുണ്ടായി. |

Hari

സെക്ഷൻ ഓഫീസർ